ഇടുക്കി ജില്ലയിൽനിന്ന് രാഷ്ട്രീയ പ്രേരിത കേസുകൾ പിൻവലിക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകൾ

65 (3017) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ നിന്നും രാഷ്ട്രീയപ്രേരിതമായ കേസുകൾ പിൻവലിക്കുന്നതിലേയ്ക്കായി എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയുടെ ഇനം തിരിച്ചുള്ള ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുമോ ;

(സി) ഇവയിൽ ഓരോ അപേക്ഷയുടേയും നിലവിലുള്ള സ്ഥിതി വിവരം വ്യക്തമാക്കാമോ ;

(ഡി) ഇത്തരത്തിൽ പിൻവലിച്ചിട്ടുള്ള കേസ്സുകളുടെ വിശദമായ ലിസ്റ്റ് മേശപ്പുറത്തുവയ്ക്കുമോ ;

(ഇ) ഇടുക്കി ജില്ലയിലെ അപേക്ഷകളിൽ നിന്നും ഇനി ഏതെല്ലാം കേസ്സുകൾ പിൻവലിയ്ക്കുവാനുള്ള നടപടികൾ നടന്നുവരുന്നുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ നിയമവകുപ്പിലും എത്ര അപേക്ഷകൾ ആഭ്യന്തരവകുപ്പിലും മറ്റ് സ്ഥലങ്ങളിലും നടപടിയിൽ ഇരിയ്ക്കുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ജി) യാതൊരു നടപടിയും കൈക്കൊള്ളാതെ നിലവിലുള്ളവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 17-5-2001 മുതൽ 30-6-2003 വരെയുള്ള കാലയളവിൽ ഇടുക്കി ജില്ലയിൽ നിന്നും കേസുകൾ പിൻവലിക്കുന്നതിലേക്കായി ആകെ 60 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ രാഷ്ട്രീയ പ്രേരിതമായ കേസ്സുകളെത്രയെന്നും അവ സംബന്ധിച്ചുള്ള വിശദാംശങ്ങളും വിശദമായി പരിശോധിച്ചതിനു ശേഷം മറുപടി നൽകുന്നതാണ്.

(ജി) വിശദാംശം ശേഖരിച്ചു നല്കുന്നതാണ്.

റാന്നി ബ്ലോക്കിൽ സർക്കാർ വക ശിലാഫലകങ്ങൾ തകർത്തതുമായി ബന്ധപ്പെട്ട കേസ്സുകൾ

66 (3018) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി ബ്ലോക്ക് പഞ്ചായത്ത് പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച എവനേസർ-കുളക്കുറ്റി, പള്ളിപ്പടി ചെങ്ങറമുക്ക് എന്നീ റോഡുകളുടെ നിർമ്മാണം സംബന്ധിച്ച് തയ്യാറാക്കി സ്ഥാപിച്ചിരുന്ന സർക്കാർ വക ശിലാഫലകങ്ങൾ തകർക്കപ്പെട്ടത് സംബന്ധിച്ച് റാന്നി ബി.ഡി.ഒ. റാന്നി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly